പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2963 — 20/12/2012 ൽ മറുപടിയ്ക്ക്

# യൂണിക്ക് തണ്ടപ്പേര് നമ്പർ കാർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.പി. എ. മാധവൻ<br>ശ്രീ.പാലോട് രവി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) യൂണിക്ക് തണ്ടപ്പേര് നമ്പർ കാർഡ് നൽകുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ; ഇതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) ഉണ്ട്. സ്വന്തം ഭൂമിയുള്ള ഏതൊരാൾക്കും നിസ്സാരചെലവിൽ ലഭ്യമാകുന്ന തരത്തിൽ രൂപകൽപ്പന ചെയ്ത വിവിധോദ്ദേശ്യ കാർഡാണ് യുണീക് തണ്ടപ്പേർ നമ്പർ കാർഡ്. 10 അക്കങ്ങളോടു കൂടിയ കാർഡിന്റെ ആദ്യത്തെ രണ്ട് ഇംഗ്ലീഷ് അക്ഷരങ്ങൾ ജില്ല, താലൂക്ക്, വില്ലേജ് എന്നിവയെ പ്രതിനിധാനം ചെയ്യുന്നു. ബാക്കി 8 സംഖ്യകൾ ആണ് ഒരു കക്ഷിയുടെ യുണീക് തണ്ടപ്പേരായി കണക്കാക്കപ്പെടുന്നത്. ഈ നമ്പർ പേയ്മെന്റ് ഡലിവറി ഗേറ്റ്വേയിലും മറ്റിതര ഓൺലൈൻ സർക്കാർ സേവനങ്ങൾക്കും ആവശ്യമായ ലോഗിൻ നമ്പരായി ഒരു വ്യക്തിയ്ക്ക് ഉപയുക്തമാക്കാവുന്നതാണ്.<br>ഒരു വ്യക്തിയുടെ പേര്, സ്ഥിര മേൽവിലാസം, ഫോട്ടോ, ഐറിസ്, വിരലടയാളം, കൈവശ ഭൂമി സംബന്ധിച്ച വിവരങ്ങൾ, ജാതി, കുടുംബം, വരുമാനം, വാസസ്ഥലം, എന്നീ വിവരങ്ങൾ, SSLC, Election Commission of India, UID, ReLIS, e-District എന്നീ ഡാറ്റാബേസുകളിൽ നിന്നും ഏകോപിപ്പിച്ച് ലഭ്യമാക്കുക വഴി പ്രസ്തുത വ്യക്തിയുടെ പൊതു വിവരങ്ങൾ UTN കാർഡ് ഉപ |

| | | | |
|---|---|---|---|
| | | | യോഗിച്ചോ , UTN ഡാറ്റാബേസിൽ ലോഗിൻ ചെയ്ത് നമ്പർ ഫീഡ് ചെയ്യുന്നതു വഴിയോ ലഭ്യമാക്കുന്നതാണ്. ഈ കാർഡ് ലഭ്യമാകുന്നതു വഴി സർക്കാർ സേവനങ്ങളുടെ ലഭ്യത ചുരുങ്ങിയ സമയത്തിനുള്ളിൽ കാര്യക്ഷമമായ രീതിയിൽ നൽകുവാനായി സാധിക്കും. |
| (ബി) | യുണിക്ക് തണ്ടപ്പേര് നമ്പർ കാർഡ് സംബന്ധിച്ച് എന്തെല്ലാംപദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് ; | (ബി) | ഇതു സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ 23/10/2012 ലെ 34767/ഇ3/2012/റവന്യൂ നമ്പർ സർക്കാർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | ഇതു സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുമായി ഡേറ്റാബേസ് പങ്കുവയ്ക്കുന്നതു സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നുണ്ട്. കുറഞ്ഞ ചെലവിൽ കാർഡ് ലഭ്യമാക്കുന്നതിനുള്ള ചർച്ചകളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ